# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1641 | 13.06.2014-ൽ മറുപടിക്ക് |
|---|---|

### ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് മുടക്കമില്ലാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സാമൂഹ്യ നീതി വകുപ്പ് മുഖേന നൽകി വരുന്ന സ്കോളർഷിപ്പ് മുടക്കമില്ലാതെ വിതരണം ചെയ്യുന്നുണ്ട്. |
| (ബി) | 2014-2015 സാമ്പത്തിക വർഷം എത്ര രൂപയാണ് പ്രതിമാസം സ്കോളർഷിപ്പായി നൽകിവരുന്നത്; ആയതിൽ എത്ര മാസത്തെ മുടക്കം ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 2014-2015 സാമ്പത്തിക വർഷം, 1 മുതൽ 4-ാം ക്ലാസ്സ് വരെയുള്ള ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പ്രതിമാസം 100 രൂപയും 5 മുതൽ 10 വരെയുള്ളവർക്ക് 125 രൂപയും പ്ലസ് ടു, ഐ.ടി. തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 150 രൂപയും ബിരുദം, ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 250 രൂപയും പ്രതിമാസം സ്കോളർഷിപ്പായി നൽകി വരുന്നു. പ്രസ്തുത സ്കോളർഷിപ്പ് തുക വിതരണത്തിൽ കുടിശ്ശികയൊന്നും നിലവിലില്ല. |
| (സി) | ഭിന്നശേഷിയുള്ള സാമ്പത്തിക ശേഷിയില്ലാത്ത കുട്ടികളെ പരിപാലിക്കുന്നവർക്കും സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) | ശാരീരിക-മാനസിക വെല്ലുവിളികളാൽ ശയ്യാവലംബരായവരെ പരിചരിക്കുന്നവർക്ക് 'ആശ്വാസകിരണം' എന്ന പദ്ധതിയിലൂടെ പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ